DESPATCHED
On...27/12/21...

1/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1147(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 10268/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 1**

ഡോ. കെ.ജി. രാധാകൃഷ്ണൻ,
സുഷമ – 10ബി,
ഹീര പാലസ്, കവടിയാർ പി.ഒ.,
തിരുവനന്തപുരം – 695 003. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട്,
നഗരകാര്യ ഡയറക്ടറാഫീസ്,
സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.

2) അപ്പീൽ അധികാരി &
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
നഗരകാര്യ ഡയറക്ടറാഫീസ്,
സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 22/04/2021, 31/7/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 23/05/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 19/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 06/08/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 01/09/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 03/09/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14/09/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 08/10/2021 |
| ഹിയറിംഗ് നടന്ന തീയതി | 30/11/2021 –(ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ഡോ. കെ.ജി. രാധാകൃഷ്ണൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, നഗരകാര്യ വകുപ്പ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷ 23.4.2021–ന് എതിർകക്ഷി ഓഫീസിൽ കൈപ്പറ്റിയിട്ടുള്ളതാണെന്നും ആയതിനുള്ള മറുപടി സാധാരണ

പോസ്റ്റായി അയച്ച കത്തിന്റെ കവറിൽ രേഖപ്പെടുത്തിയ സീലിലെ തീയതി 31.7.2021 എന്നാണെന്നും എന്നാൽ കവറിനുള്ളിലെ കത്തിലെ തീയതി 23.5.2021 എന്നാണ് രേഖപ്പെടുത്തിയിരുന്നതെന്നും 19.7.2021-ന് ഒന്നാം അപ്പീൽ നൽകിയ ശേഷം തട്ടിക്കൂട്ടി ഉണ്ടാക്കിയ കത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതി 23.5.2021 എന്നാണെന്നും ആയത് കാലതാമസം ഉണ്ടായിട്ടില്ലെന്ന് വരുത്തുവാൻ വേണ്ടി കെട്ടിച്ചമച്ച തീയതിയാണെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയിന്മേൽ കാലതാമസം വരുത്തിയതിന് കാരണക്കാരനായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും, അപേക്ഷയിലെ ബി, സി എന്നീ ചോദ്യങ്ങൾക്കുമുള്ള മറുപടി ലഭ്യമാക്കണമെന്നുമാണ്.

2. 22/04/2021 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

a) Furnish the full name and details of recipient of Court Order (O.A.No.410 of 2019) received in the Directorate of Urban affairs with date, month and year.
b) Inform the duties and functions of the concerned clerk and her controlling/supervisory officer particularly/especially in the case/matter.
c) Specify the period of delay/lapse in this file എന്നും മറ്റുമായി 'e' വരെയുള്ള വിവരങ്ങളാണ്

3. മേൽപ്പടി അപേക്ഷയ്ക്ക് 23.05.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ മൂന്ന് മാസം കഴിഞ്ഞിട്ടും ഇതുവരെ ലഭ്യമായിട്ടില്ല എന്നും ഇത്രയും കാലതാമസം വരുത്തിയത് ഗുരുതരമായ കുറ്റവും കൃത്യവിലോപവുമാണെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ലഭിയ്ക്കുവാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ രണ്ടാം എതിർകക്ഷി അറിയിച്ചത്, 22.4.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് 23.5.2021-ലെ ഇ2-8412/2021 നമ്പർ കത്ത് പ്രകാരം മറുപടി അയച്ചിട്ടുള്ളതാണെന്നും കോവിഡ്-19 ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ ഓഫീസ് പ്രദേശം കണ്ടെയിന്റ്മെന്റ് സോണായി പ്രഖ്യാപിക്കുകയും ഓഫീസിന്റെ ദൈനംദിന പ്രവർത്തനം പൂർണ്ണമായി

നടക്കാത്തതിനാലും വാഹന സൗകര്യമില്ലാത്ത സാഹചര്യത്തിലും ജീവനക്കാർക്ക് ഓഫീസിൽ യഥാവിധി ഹാജരാകാൻ സാധിക്കാത്തതിനാലുമാണ് മറുപടി അയയ്ക്കുവാൻ കാലതാമസം വന്നതെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഡോ. കെ.ജി. രാധാകൃഷ്ണൻ 23.4.2021-ന് ടി ഓഫീസിൽ ലഭ്യമാക്കിയിട്ടുള്ള വിവരാവകാശ അപേക്ഷയിന്മേൽ ടി ഓഫീസിൽ നിന്നും 23.5.2021 തീയതി മറുപടി നൽകിയിട്ടുള്ളതാണെന്നും തുടർന്ന് 19.7.2021-ലെ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിൽ മറുപടി ലഭിച്ചതിൽ കാലതാമസമുണ്ടായതായി അറിയിച്ചിരുന്നു എന്നും അപ്പീൽ അപേക്ഷയ്ക്ക് 6.8.2021-ന് ടി ഓഫീസിൽ നിന്നും മറുപടി നൽകിയിട്ടുള്ളതാണെന്നും കോവിഡ്-19 മഹാമാരി ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ ഓഫീസ് കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഓഫീസിലെ ദൈനംദിന പ്രവർത്തനം പൂർണ്ണമായി നടക്കാത്തതിനാലും വാഹനസൗകര്യം ഇല്ലാത്ത സാഹചര്യത്തിൽ ജീവനക്കാർക്ക് ഓഫീസിൽ ഹാജരാകുവാൻ സാധിക്കാതിരുന്നതിനാലുമാണ് മറുപടി നൽകുവാൻ കാലതാമസം നേരിട്ടത് എന്നും ഹർജിക്കാരൻ മറുപടിയുടെ കാലതാമസത്തിൻ മേലുണ്ടായ വിശദീകരണം ആവശ്യപ്പെട്ട് 2.8.2021-ന് സമർപ്പിച്ച അപേക്ഷയിൽ ടിയാന് ലഭിച്ച മറുപടി ഭാഗികമായിരുന്നു എന്ന് പരാമർശിച്ചിരുന്നു എന്നും ടി കത്തിന് 16.8.2021-ന് എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിലെ 5-ാം ചോദ്യത്തിന്റെ ഉപചോദ്യമായ ബി-യിൽ ആവശ്യപ്പെട്ടിരുന്നത് നഗരകാര്യ വകുപ്പിലെ ഇ2-സെക്ഷന്റെ കാര്യനിർവ്വഹണവുമായി ബന്ധപ്പെട്ട ചുമതലകളാണെന്നും ഉപചോദ്യമായ സി-യ്ക്ക് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം മാത്രമെ വന്നിട്ടുള്ളു എന്നും ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷകളിലും അപ്പീലുകളിലും മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, 22.4.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 23.5.2021-ന് തയ്യാറാക്കിയ മറുപടി 31.7.2021-നാണ് ഹർജിക്കാരന് ലഭിച്ചത് എന്നതാണ് ടിയാന്റെ പ്രധാന ആക്ഷേപം എന്ന് കാണുന്നു. കോവിഡ് കാരണം ഓഫീസ് പ്രദേശം കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഓഫീസിന്റെ ദൈനംദിന പ്രവർത്തനം പൂർണ്ണമായി നടക്കാത്തതിനാലും വാഹന സൗകര്യം ഇല്ലാതിരുന്ന സാഹചര്യത്തിലുമാണ് ജീവനക്കാർക്ക് ഓഫീസിൽ യഥാവിധി ഹാജരായി മറുപടി അയയ്ക്കാൻ കഴിയാതിരുന്നത് എന്നാണ് ടി കാലതാമസത്തിന് കാരണമായി എതിർകക്ഷികൾ ബോധിപ്പിച്ചിട്ടുള്ളത്. ടി വിശദീകരണം

വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. വിവരാവകാശ നിയമം 7(1) വകുപ്പുപ്രകാരം വിവരാവകാശ അപേക്ഷയ്ക്ക് അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ മറുപടി നൽകേണ്ടതാണ്. ഇക്കാര്യത്തിൽ 22.4.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടി 31.7.2021–നാണ് ഹർജിക്കാരന് ലഭിച്ചിരിക്കുന്നത്. ആയത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് ഉത്തരവാദിയായ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7. ടി വീഴ്ചയ്ക്ക് മറ്റേതെങ്കിലും ഉദ്യോഗസ്ഥർ കാരണക്കാരനാണെങ്കിൽ ടിയാന്റെ വിശദീകരണവും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഹർജിക്കാരന്റെ അപേക്ഷയിലെ 5(ബി), സി എന്നീ ഇനങ്ങൾക്കുള്ള മറുപടി രണ്ടാം എതിർകക്ഷി 8.10.2021–ലെ കത്ത് പ്രകാരം നൽകിയിട്ടുള്ളതായി കാണുന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 1–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM